4349
2/3/20

<u>വിവര പൊതുജന സമ്പർക്ക വകുപ്പ്</u>

നം.ഇ2/17/2019/ഐ&പി.ആർ                    തിരുവനന്തപുരം, തീയതി : 29-02-2020

---

## <u>പരസ്യം</u>

വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടറേറ്റിലെ(സൌത്ത് ബ്ളോക്ക്, ഗവണ്മെന്റ് സെക്രട്ടറിയറ്റ്, തിരുവനന്തപുരം) ഫോട്ടോഗ്രാഫി വിഭാഗത്തിൽ ദിവസ വേതന അടിസ്ഥാനത്തിൽ ഫോട്ടോഷോപ്പിൽ പ്രാവീണ്യമുള്ള രണ്ട് ഡിറ്റിപി ഓപ്പറേറ്റർമാരുടെ ഒഴിവുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

1.നിയമനരീതി- ദിവസവേതനം- പരമാവധി 89 ദിവസം

2.വേതനം-ദിവസേന 765/- രൂപ വീതം, പരമാവധി ഒരുമാസത്തെ വേതനം 20665/- രൂപ

3. പ്രായപരിധി-18 മുതൽ 36 വയസ്സുവരെ(01.03.1984 നും 01.03.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം(രണ്ട് തീയതികളും ഉൾപ്പടെ). SC,ST,OBC വിഭാഗങ്ങൾക്ക് പ്രായപരിധിയിൽ നിയമാനുസൃതമുള്ള ഇളവ് ഉണ്ടായിരിക്കും.)

4. യോഗ്യത-SSLC അല്ലെങ്കിൽ തത്തുല്യ യോഗ്യത, ഡിറ്റിപി കോഴ്സിൽ കേന്ദ്ര/സംസ്ഥാന സർക്കാരുകളോ സർക്കാർ അംഗികൃത സ്ഥാപനങ്ങളോ നൽകിയ സർട്ടിഫിക്കറ്റ്, ഫോട്ടോഷോപ്പിൽ ഉള്ള സർട്ടിഫിക്കറ്റ്

5. തിരുവനന്തപുരം ജില്ലയിൽ ഉൾപ്പെടുന്നവർക്ക് മുൻഗണന ഉണ്ടായിരിക്കും. അപേക്ഷകർക്ക് ഫോട്ടോഷോപ്പിൽ മികച്ച പ്രാവീണ്യമുണ്ടായിരിക്കണം. അപേക്ഷകർ ഫോട്ടോ, ഫോൺനം, ഇമെയിൽ ഐഡി എന്നിവ ഉൾപ്പെടുന്ന ബയോഡേറ്റ, സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, എന്നിവ ഉൾപ്പെടുന്ന അപേക്ഷ തയ്യാറാക്കണം. അവസാന തീയതിയായ 19/03/2020 രാവിലെ 10.15 മണിക്ക് മേൽ പ്രസ്താവിച്ച പ്രകാരം തയ്യാറാക്കിയ അപേക്ഷയും സർട്ടിഫിക്കറ്റുകളുടെ അസ്സലും(original certificate) ഉൾപ്പടെ ഉദ്യോഗാർത്ഥികൾ വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടറേറ്റിൽ (സൌത്ത് ബ്ളോക്ക്, ഗവണ്മെന്റ് സെക്രട്ടറിയറ്റ്, തിരുവനന്തപുരം) നേരിട്ട് ഹാജരാകണം. നേരിട്ട് ഹാജരാകാതെ അപേക്ഷ മാത്രം സമർപ്പിക്കുന്നവരുടെ അപേക്ഷകൾ നിരസിക്കുന്നതാണ്. സർട്ടിഫിക്കറ്റുകളുടെയും അപേക്ഷകളുടേയും പരിശോധ നടത്തിയ ശേഷം യോഗ്യതയുള്ളവർക്കായി അന്നുതന്നെ 15 മിനിട്ട് നീളുന്ന പ്രായോഗിക പരീക്ഷ ഉണ്ടായിരിക്കും. പ്രായോഗിക പരീക്ഷയിൽ വിജയിക്കുന്നവർക്ക് പിന്നീട് അഭിമുഖം നടത്തി റാങ്ക് പട്ടിക തയ്യാറാക്കുന്നതാണ്.

ഡയറക്ടർ

കരുതൽ ഫയൽ/ഓഫീസ് കോപ്പി